"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ്- - കൊല്ലം കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് -കുടിവെള്ള വിതരണത്തിന് അധികമായി ചെലവായ തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ്

സ.ഉ.(സാധാ) നം.427/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 19/02/2020

---

പരാമർശം:- 1 02/03/2019 ലെ സ.ഉ(സാധാ)നം.500/19/തസ്വഭവ നമ്പർ ഉത്തരവ്.

2 കൊല്ലം ജില്ലാ കളക്ടറുടെ 13/08/2019 തീയതിയിലെ ഡി.എം.2/124048/2019 ഉത്തരവ്.

3 കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 19/09/2019 തീയതിയിലെ പി/100/2019 നമ്പർ കത്ത്.

4 പഞ്ചായത്ത് ഡയറക്ടറുടെ 31/12/2019ലെ No.PAN/16894/2019-G1(DP) നമ്പർ കത്ത്.

<u>ഉത്തരവ്</u>

കൊല്ലം ജില്ലയിലെ കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിൽ, പരാമർശം 1 ലെ ഉത്തരവ് പ്രകാരം കുടിവെള്ളവിതരണത്തിനു അനുവദനീയമായ തുകയായ 11 ലക്ഷം രൂപ മതിയാകാത്ത സാഹചര്യത്തിൽ, 21/05/2019 മുതൽ 03/06/2019 വരെ ജില്ലാ കളക്ടറുടെ ദുരന്ത നിവാരണ ഫണ്ടിൽ നിന്നും ദിവസം 18,000/- രൂപ പരിധി നിശ്ചയിച്ചുകൊണ്ട് പരാമർശം 2 ലെ ഉത്തരവ് പ്രകാരം 2,29,553/- രൂപയും കൂടി ചെലവഴിച്ചിട്ടുണ്ട്. 21.05.2019 മുതൽ 03.06.2019 വരെയുള്ള കാലയളവിൽ തന്നെ ജി.പി.എസ് ഘടിപ്പിച്ച 2 ടാങ്കർ ലോറികളിൽ കൂടി അധികമായി കുടിവെള്ളം വിതരണം ചെയ്യേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടെന്നും കിലോമീറ്ററിന് 89/- രൂപ നിരക്കിൽ 2413 കിലോമീറ്ററിന് 2,14,757/- രൂപ കൂടി കരാറുകാരന് അനുവദിക്കേണ്ടതുണ്ടെന്നും ആയതിന് അനുമതി ലഭ്യമാക്കണമെന്നുമുള്ള കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അപേക്ഷ പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്ത് പരാമർശം 4 പ്രകാരം സമർപ്പിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിൽ 21.05.2019 മുതൽ 03.06.2019 വരെയുള്ള കാലയളവിൽ ജി.പി.എസ് ഘടിപ്പിച്ച 2 ടാങ്കർ ലോറികളിൽ അധികമായി കുടിവെള്ള വിതരണം നടത്തിയതിന് ചെലവായ 2,14,757/- രൂപ (രണ്ടുലക്ഷത്തി പതിനാലായിരത്തി എഴുന്നൂറ്റി അൻപത്തി ഏഴ് രൂപ മാത്രം) കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

File No.LSGD-FM3/28/2020-LSGD

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ബീനമോൾ കെ ജെ**
ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,കൊല്ലം
ജില്ലാകളക്ടർ, കൊല്ലം
പ്രസിഡന്റ്/ സെക്രട്ടറി കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത്
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, എെ.കെ.എം(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Validity unknown
Digitally signed by SMITHA B CHANDRA
Date: 2020.02.20 16:32:22 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെ ക്രട്ടറിയുടെ പി.എക്ക്